പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 555 — 6.3.2012-ലെ മറുപടിയ്ക്ക്

## ഒറ്റപ്പാലത്ത് കിൻഫ്ര വ്യവസായ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലത്ത് കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന്റെ കാലിക സ്ഥിതി വിശദമാക്കുമോ; | (എ) ഒറ്റപ്പാലം വ്യവസായ പാർക്കിനു വേണ്ടി 85 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. അതിൽ 57.57 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. |
| (ബി) പ്രസ്തുത കിൻഫ്ര പാർക്കിൽ എന്തെല്ലാം സംവിധാനങ്ങൾ ആണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) ഒറ്റപ്പാലം വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട അനുമതികൾ ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനം എന്നിവയാണ് കിൻഫ്ര വിഭാവനം ചെയ്തിട്ടുള്ളത്. |
| സി) എത്രകോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്;<br><br>ഡി) എത്ര വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്;<br><br>ഇ) നേരിട്ടും അല്ലാതെയും എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനാവും; വിശദമാക്കുമോ; | സി)യും (ഡി)യും (ഇ)യും<br>പ്രസ്തുത പാർക്കിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നിക്ഷേപകർക്കായി കൈമാറുന്ന സമയത്ത് മാത്രമേ ഇതു സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ. ഏകദേശം പതിനായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും എന്നാണ് കിൻഫ്ര കരുതുന്നത്. |

എഫ്) ആയത് എന്നത്തേക്ക് ഉദ്ഘാടനം നിർവ്വഹിക്കാനാവും എന്ന് വിശദമാക്കുമോ?

എഫ്) ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിച്ച് ഭൂമി കിൻഫ്രയ്ക്ക് കൈമാറി അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഇതു സംബന്ധിച്ച് ധാരണ ഉണ്ടാവുകയുള്ളൂ.

സെക്ഷൻ ഓഫീസർ